# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## വിശുദ്ധ നാട്ടിലെ അക്രമങ്ങൾ അവസാനിപ്പിക്കുക: ഫ്രാൻസിസി മാർപാപ്പ



വത്തിക്കാൻ: വിശുദ്ധനാടായ പലസ്തീനിലെ സംഘർഷങ്ങൾ അവസാനിപ്പിക്കാനും സമാധാനം പുന:സ്ഥാപിക്കാനും പ്രാർത്ഥിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ. അക്രമവും പ്രതികാരവും ഒന്നിനും പരിഹാരമാകില്ലെന്നും മാർപാപ്പ പറഞ്ഞു. പലസ്തീനിൽ നടക്കുന്ന ആക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് മാർപാപ്പായുടെ പരാമർശം.
'പലസ്തീനിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന അക്രമപരമ്പരകളിൽ എനിക്ക് അതീവമായ ദുഃഖമുണ്ട്. പകയോ വെറുപ്പോ അല്ല നാം വെച്ചുപുലർത്തേണ്ടത്. സ്നേഹവും സമാധാനവുമാണ്. അതാണ് മനുഷ്യത്വമുള്ളവർ ചെയ്യേണ്ടത്. ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും അതാണ് മാർപാപ്പ പറഞ്ഞു.
കഴിഞ്ഞയാഴ്ച ഗാസയിലും വെസ്റ്റ് ബാങ്കിലുമായി നടന്ന ആക്രമത്തിൽ ഏഴ് ഇസ്രയേൽ വംശജരാണ് കൊല്ലപ്പെട്ടത്. ജറുസലേമിലും ഗാസയിലുമായി കഴിഞ്ഞ രണ്ടാഴ്ചക്കിടെ 44 പലസ്തീൻ വംശജരും കൊല്ലപ്പെട്ടു. യുവാക്കളടക്കമുള്ളവർ ആയുധധാരികളായാണ് പുറത്തിറങ്ങി നടക്കുന്നത്.